"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ് കെ. കെ., കമലാലയം, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ-യെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 23000-50200 രൂപ ശമ്പള സ്കെയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.39/2022/GAD** **തീയതി,തിരുവനന്തപുരം, 14-03-2022**

---

പരാമർശം:- 1. 26.08.2019 തീയതിയിലെ ജി.ഒ.(എം.എസ്) നം.7/2019/എസ്&വൈ.എ.

2. 25.02.2021 തീയതിയിലെ ജി.ഒ.(എം.എസ്) നം.65/2021/ജി.എ.ഡി.

**ഉത്തരവ്**

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം നൽകുവാൻ അനുമതി നൽകിക്കൊണ്ടും പ്രസ്തുത കായിക താരങ്ങളെ ഉൾക്കൊള്ളിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത 83 കായിക താരങ്ങളിൽ ഉൾപ്പെട്ട ശ്രീ.സുഭാഷ് കെ. കെ., കമലാലയം, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ, എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ല.

2) കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ എൽ.ഡി.ക്ലാർക്കിന്റെ 82 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനും, പരാമർശം (1)-ലെ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.സുഭാഷ് കെ.കെ. ഒഴികെയുള്ള 82 കായിക താരങ്ങളെ പ്രസ്തുത വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ ഉൾക്കൊള്ളിക്കുവാനും അനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എൽ.ഡി.ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തതിനാൽ എൽ.ഡി.ക്ലാർക്ക് തസ്തികയ്ക്ക് പകരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകണമെന്ന് ശ്രീ.സുഭാഷ് കെ. കെ. അപേക്ഷിക്കുകയുണ്ടായി. ശ്രീ.സുഭാഷ് കെ. കെ.-യെ നിയമിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവ് ലഭ്യമാക്കിയിട്ടുണ്ട് എന്നും ശ്രീ.സുഭാഷ് കെ. കെ.-യെ പ്രസ്തുത ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ശിപാർശ ചെയ്യുന്നതായും 20/12/2021 തീയതി പ്രകാരം തദ്ദേശ സ്വയംഭരണ (ഇ.പി.എ) വകുപ്പ് അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിൻപ്രകാരം, 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ് കെ. കെ., കമലാലയം, അവലൂക്കുന്ന് പി. ഒ., ആലപ്പുഴ,-യെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 23000-50200 രൂപ ശമ്പള സ്കെയിലിൽ

നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ശ്രീ.സുഭാഷ് കെ. കെ. യ്ക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

To

പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, പബ്ലിക് ഓഫീസ് പി. ഒ, തിരുവനന്തപുരം.

ശ്രീ.സുഭാഷ് കെ. കെ, കമലാലയം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ- 688006

കായിക യുവജന കാര്യ വകുപ്പ്

തദ്ദേശ സ്വയം ഭരണ (ഇ.പി.എ) വകുപ്പ് (20/12/2021 ലെ EPA2/258/2021-LSGD നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

ധനകാര്യ വകുപ്പ് (01/02/2022 ലെ E.1435762: EXP-A2/55/2020-FIN പ്രകാരം)

ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി, തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

281

593

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

326

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ് ഡി.1/119/2019-പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ്.കെ.കെ-യ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.02.2022 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ബി.ആർ.യമുന |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.02.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.02.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 07.03.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08.03.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

1283

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

327) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ് കെ. കെ.-യ്ക്ക് നിയമനം നൽകുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

328) 2) 26/08/2019 തീയതിയിലെ സ.ഉ.(കൈ)നം.7/2019/S&YA ഉത്തരവ് പ്രകാരം, 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക്, വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം നൽകാൻ സർക്കാർ അനുമതി നൽകുകയും പ്രസ്തുത കായിക താരങ്ങളെ ഉൾക്കൊള്ളിക്കുന്നതിനായി, വിവിധ സർക്കാർ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. 26/08/2019 തീയതിയിലെ സ.ഉ.(കൈ)നം.7/2019/S&YA ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.സുഭാഷ് കെ. കെ. എൽ.ഡി.ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത കൈവരിച്ചിട്ടില്ല. ശ്രീ.സുഭാഷ് കെ. കെ.-യുടെ വിദ്യാഭ്യാസ യോഗ്യത 9-ാം ക്ലാസ് വിജയം ആണ്. ശ്രീ.സുഭാഷ്.കെ.കെ-യ്ക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ കഴിയാത്തതിനാൽ ടിയാനെ നേരിൽ കേട്ട്, രേഖകൾ പരിശോധിച്ച്, ലഭ്യമായ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള യോഗ്യമായ നിയമനം സ്വീകരിക്കുന്നതിനായുള്ള ടിയാന്റെ സമ്മതം വാങ്ങിയതിന് ശേഷം ആയത് പ്രത്യേക ഫയലിൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും, മറ്റ് 82 കായിക താരങ്ങളുടെ നിയമനത്തിനായുള്ള നടപടിക്രമങ്ങൾ തുടരുവാനും, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം കായിക യുവജനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി.

329) 3) 25/02/2021 തീയതിയിലെ സ.ഉ.(കൈ)നം.65/2021/പൊ.ഭ.വ ഉത്തരവിൻ പ്രകാരം, 19000-43600 രൂപ ശമ്പളസ്കെയിലിൽ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ എൽ.ഡി.ക്ലാർക്കിന്റെ 82 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാനും, 26/08/2019 തീയതിയിലെ സ.ഉ.(കൈ)നം.7/2019/S&YA ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 82 കായിക താരങ്ങളെ (ശ്രീ.സുഭാഷ്.കെ.കെ. ഒഴികെ) പ്രസ്തുത വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി

തസ്തികകളിൽ ഉൾക്കൊള്ളിക്കാനും സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന്, 30/03/2021 തീയതിയിൽ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ.സുഭാഷ്.കെ.കെ-യെ നേരിൽ കേൾക്കുകയുണ്ടായി. എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത താൻ കൈവരിച്ചിട്ടില്ല എന്ന് ശ്രീ. സുഭാഷ് കെ. കെ. അറിയിക്കുകയുണ്ടായി. തന്റെ വിദ്യാഭ്യാസ യോഗ്യത 9-ാം ക്ലാസ് പാസ് ആണെന്നും ആയതിനാൽ, എൽ.ഡി.ക്ലാർക്ക് തസ്തികയ്ക്ക് പകരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകണമെന്നും ശ്രീ.സുഭാഷ് കെ. കെ. അറിയിക്കുകയുണ്ടായി.

330) 4) ശ്രീ.സുഭാഷ്.കെ.കെ.-യെ നിയമിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക ലഭ്യമാക്കിയിട്ടുണ്ട് എന്നും ടിയാനെ പ്രസ്തുത തസ്തികയിലേക്ക് ശിപാർശ ചെയ്യുന്നതായും തദ്ദേശ സ്വയംഭരണ (ഇ.പി.എ) വകുപ്പ് 20/12/2021 തീയതിയിലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ്.കെ.കെ.-യെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിനായുള്ള ശിപാർശ സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും പ്രസ്തുത വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

' 'Finance' agrees to appoint Sri.Subhash K. K. in the existing vacancy of Office Attendant in Kanjikuzhi Grama Panchayath, Alappuzha District.

This has the approval of the Hon'ble Minister, Finance.'

331) 5) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ് കെ. കെ.-യെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച നിർദ്ദേശം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട സംഗതി**

332) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ.സുഭാഷ് കെ. കെ.-യെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ 23000-50200 രൂപ ശമ്പള സ്കെയിലിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?

249

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-03-2022

ഫയൽ നം. എസ്.ഡി.1/119/2019/പൊ.ഭ.വ. ഇനം നം: 593

(333)

വിഷയം : പൊതുഭരണ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീ. സുഭാഷ്.കെ.കെ-യ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിനുള്ള നിർദ്ദേശം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

10/3/2022
SS